II ഇ.ബി.XIV-കേരള നിയമസഭ/XI-12

**പതിനാലാം കേരള നിയമസഭ**

പതിനൊന്നാം സമ്മേളനം

**ചോദ്യോത്തരങ്ങൾ - സംഗ്രഹം**

2018 ജൂൺ 25, തിങ്കൾ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

36 (*331 & *335) ജലസ്രോതസ്സുകൾ സംരക്ഷിക്കുന്നതിന് ആവിഷ്കരിച്ച പദ്ധതി

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്) നൽകിയ മറുപടിയിൽ, വിവിധ വകുപ്പുകളുടെ ഏകോപനത്തിലൂടെയും ജനപങ്കാളിത്തത്തോടെയും നടപ്പിലാക്കിയ "ജലസമൃദ്ധി/ജലസംരക്ഷണം" പദ്ധതിയിലൂടെ ജില്ലകളിലെ ജലസ്രോതസ്സുകളുടെ സംരക്ഷണവും ശുചീകരണവും പരിപാലനവും നിർവ്വഹിക്കാൻ സാധിച്ചിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. പദ്ധതി പ്രവർത്തനങ്ങൾക്കായി വിവിധ മേഖലകളിലെ സാങ്കേതിക വിദഗ്ദ്ധരെ

ഉൾപ്പെടുത്തി സാങ്കേതിക സമിതികൾ രൂപീകരിച്ചിട്ടുണ്ട്. ഹരിത കേരളം മിഷന്റെ നേതൃത്വത്തിൽ മഴവെള്ള സംഭരണത്തിനായി പുതിയ കുളങ്ങളും കിണറുകളും നിർമ്മിക്കുകയും നിലവിലുള്ളവ നവീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇതുകൂടാതെ മഴക്കാലത്ത് നദികളിലെ ജലം പരമാവധി ശേഖരിച്ച് ഭൂഗർഭ ജലവിതാനം ഉയർത്തുക എന്ന ലക്ഷ്യത്തോടെ സാങ്കേതികമായി സാധ്യതയുള്ള സ്ഥലങ്ങളിൽ ചെക്ക് ഡാമുകളും റെഗുലേറ്റർ-കം-ബ്രിഡ്ജുകളും നിർമ്മിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ കുടിവെള്ള പദ്ധതികളുടെ രൂപരേഖയിൽ ഉൾപ്പെടുത്താറുമുണ്ട്. മാലിന്യ സംസ്കരണത്തിലെ അശാസ്ത്രീയതമൂലം ജലത്തിൽ കാണപ്പെടുന്ന കോളിഫോം ബാക്ടീരിയയുടെ അളവ് വർദ്ധിച്ചിരിക്കുന്ന സാഹചര്യത്തിൽ വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് മാലിന്യ സംസ്കരണ പദ്ധതികൾ ഏറ്റെടുക്കാൻ തീരുമാനിച്ചിട്ടുണ്ടെന്നും നീരേറ്റുപുറം ജലശുദ്ധീകരണ ശാലയിൽനിന്നും കുട്ടനാട് പ്രദേശത്തെ 13 പഞ്ചായത്തുകളിൽ 70 കോടി രൂപയുടെ ജലവിതരണ പദ്ധതി പുരോഗമിച്ചുവരികയാണെന്നും പമ്പ ആക്ഷൻ പ്ലാൻ നടപ്പിലാക്കുന്നതിനുള്ള ശ്രമം തുടരുകയാണെന്നും മന്ത്രി അറിയിച്ചു. ആശ്രാമംമുടി കായൽ നവീകരിക്കുന്നതിനും ചമ്രവട്ടം റെഗുലേറ്റർ ഷട്ടറുകളുടെ ലീക്കേജും കെ.ഐ.പി. കനാലുകളുടെ ചോർച്ചയും

പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്നും കുറ്റ്യാടി കനാൽ മെയിന്റനൻസിനുള്ള നടപടി ആരംഭിച്ചിട്ടുണ്ടെന്നും തമിഴ്നാട്ടിലേയ്ക്ക് വെള്ളം കടത്തിക്കൊണ്ടുപോകുന്ന അനധികൃത ചെക്ക് ഡാമുകളുമായി ബന്ധപ്പെട്ട കേസിൽ ഉചിതമായ നടപടി സ്വീകരിക്കുന്നതാണെന്നും സംസ്ഥാനത്തെ മത്സ്യകൃഷിയുമായി ബന്ധപ്പെട്ട പദ്ധതികൾക്ക് പിന്തുണ നൽകാൻ ജലസേചന വകുപ്പ് തയ്യാറാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

37 (*332) ഇ.എസ്.ഐ. ആശുപത്രികളിൽ സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സ

തൊഴിലും എക്സൈസും വകുപ്പുമന്ത്രിക്കുവേണ്ടി സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ) നൽകിയ മറുപടിയിൽ, ഇ.എസ്.ഐ. ആശുപത്രികളുടെയും ഡിസ്പെൻസറികളുടെയും പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി സൂപ്പർ സ്പെഷ്യാലിറ്റി ഒ.പി. അനുവദിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ടെന്നും സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സകൾ ലഭ്യമല്ലാത്ത ആശുപത്രികളിൽ കാഷ്‌ലെസ് സേവനം നൽകുന്നതിന് ഇ.എസ്.ഐ. കോർപ്പറേഷൻ 50 സ്വകാര്യ/പൊതുമേഖലാ ആശുപത്രികളുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ടെന്നും സഭയെ അറിയിച്ചു. അടിയന്തര ഘട്ടങ്ങളിൽ സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സയ്ക്ക്

വിധേയരാകുന്നവരുടെ ചികിത്സാ ബില്ലുകൾ റീ-ഇമ്പേഴ്സ് ചെയ്ത് കിട്ടുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയാണെന്നും ഫറോക്ക്, പേരൂർക്കട ആശുപത്രികളിൽ കീമോതെറാപ്പി യൂണിറ്റുകൾ മൂന്നുമാസത്തിനകം പ്രവർത്തനസജ്ജമാക്കാൻ കഴിയുമെന്നും മന്ത്രി വ്യക്തമാക്കി. കൊല്ലം എഴുകോൺ ഇ.എസ്.ഐ. ആശുപത്രിയിൽ ആയുർവേദ യൂണിറ്റും ഓങ്കോളജി വിഭാഗവും പുനരാരംഭിക്കുന്നതിനും പീരുമേട് നിയോജകമണ്ഡലത്തിലും കുമളിയിലും ഇ.എസ്.ഐ. ഡിസ്പെൻസറികൾ ആരംഭിക്കുന്നതിനുമുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

## 38 (*333) പട്ടികവിഭാഗങ്ങളിൽപ്പെട്ടവർക്ക് ഉന്നത വിദ്യാഭ്യാസത്തിന് ധനസഹായം

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ) നൽകിയ മറുപടിയിൽ, പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളിൽ പഠനം നടത്തുന്നതിന് വിദ്യാഭ്യാസ ആനുകൂല്യങ്ങൾ നൽകിവരുന്നുണ്ടെന്ന് സഭയെ അറിയിച്ചു. മത്സര പരീക്ഷയിലൂടെ തെരഞ്ഞെടുക്കപ്പെട്ട് അന്യസംസ്ഥാനങ്ങളിൽ പ്രൊഫഷണൽ

കോഴ്സുകളും കേരളത്തിൽ ലഭ്യമല്ലാത്തതുമായ കോഴ്സുകളും പഠിക്കുന്ന വിദ്യാർത്ഥികൾക്കും കേന്ദ്ര സർക്കാർ നിയന്ത്രണത്തിലുള്ള ഡീംഡ് യൂണിവേഴ്സിറ്റികളിലും സർക്കാർ കോളേജുകളിലും പ്രൊഫഷണൽ കോഴ്സുകൾക്ക് മെറിറ്റിലും റിസർവ്വേഷനിലും പ്രവേശനം നേടുന്ന വിദ്യാർത്ഥികൾക്കും വിദ്യാഭ്യാസാനുകൂല്യം നൽകുന്നുണ്ടെന്ന് മന്ത്രി വ്യക്തമാക്കി. വിദേശ രാജ്യങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കുള്ള ആനുകൂല്യങ്ങൾക്ക് വ്യക്തമായ മാനദണ്ഡം നിശ്ചയിച്ചിട്ടുണ്ടെന്നും പാലക്കാട് മെഡിക്കൽ കോളേജിന്റെ കെട്ടിട നിർമ്മാണത്തിനായി 321 കോടി രൂപയും ആവശ്യമായ തസ്തികകളും അനുവദിച്ചിട്ടുണ്ടെന്നും  വകുപ്പിന് കീഴിലുള്ള ICSET-ഉം സിവിൽ സർവ്വീസ് അക്കാദമിയുമായി സഹകരിച്ച് 200 കുട്ടികൾക്ക് പരിശീലനം നൽകുന്നതിനുള്ള കരാറിലേർപ്പെട്ടിട്ടുണ്ടെന്നും രണ്ട് വർഷത്തിനുള്ളിൽ 600 പട്ടികജാതി/പട്ടികവർഗ്ഗ ഉദ്യോഗാർത്ഥികൾക്ക് വിദേശത്ത് തൊഴിൽ നേടാനും ഏതാണ്ട് 23600 പേർക്ക് വിവിധ മേഖലകളിൽ തൊഴിൽ കൊടുക്കാനും സാധിച്ചിട്ടുണ്ടെന്ന് ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 3969 മുതൽ 4293 വരെയുള്ള ചോദ്യങ്ങളിൽ 289 എണ്ണത്തിനും ബന്ധപ്പെട്ട

മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി.)